REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾ ആരംഭിച്ചു.**
- **തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.**
- **സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വര കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ, പഠനം നടത്താൻ ICMR സംഘം കോഴിക്കോട്ട് എത്തി.**
- **കോഴിക്കോടിനെ അതിദാരിദ്ര്യ മുക്ത ജില്ലയായി പ്രഖ്യാപിച്ചു.**
- **67-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് കൊടിയിറങ്ങും. ആതിഥേയരായ തിരുവനന്തപുരം കിരീടം ഉറപ്പിച്ചു.**

## വാർത്തകൾ വിശദമായി

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾ ആരംഭിച്ചു. കേരളത്തിന് പുറമെ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, ഗോവ, പുതുച്ചേരി, തമിഴ്നാട്, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, UP, പശ്ചിമബംഗാൾ എന്നിവിടങ്ങളിലാണ് ഈ ഘട്ടത്തിൽ തീവ്ര പരിഷ്കരണം നടപ്പാക്കുന്നത്.

എന്യൂമറേഷൻ ഫോമുകളുടെ അച്ചടിയും BLO മാരുടെ പരിശീലനവും ഇന്ന് ആരംഭിക്കുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ ഇന്നലെ

ന്യൂഡൽഹിയിൽ അറിയിച്ചിരുന്നു. നവംബർ നാല് മുതൽ ഒരു മാസം കൊണ്ട് വോട്ടർപട്ടിക പുതുക്കൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

പരിഷ്കരണ നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർമാരുടെ യോഗവും, ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ വീഡിയോ കോൺഫറൻസും ഇന്ന് ഉണ്ടാകുമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ തിരുവനന്തപുരത്ത് അറിയിച്ചു.

നാളെ അംഗീകൃത ദേശീയ - സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ യോഗം തിരുവനന്തപുരത്ത് ചേരുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഉച്ച കഴിഞ്ഞ്  മാധ്യമപ്രവർത്തകരുടെ യോഗവും ഉണ്ടായിരിക്കും.

✪✪✪

എട്ടാമത് അന്താരാഷ്ട്ര സൗരോർജ്ജസഖ്യത്തിന്റെ സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്തു. ന്യൂഡൽഹി ഭാരത് മണ്ഡപത്തിലെ സമ്മേളനത്തിൽ 124 രാജ്യങ്ങളും 40ൽ പരം വിദേശമന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. എല്ലാവർക്കും കുറഞ്ഞ ചെലവിൽ സൗരോർജ്ജം എന്ന കാഴ്ചപ്പാടോടെയാണ് നാല് ദിവസത്തെ ആഗോള സമ്മേളനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി  നാളെ മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യും. ഗ്ലോബൽ മാരിടൈം CEO ഫോറത്തിലും പ്രധാനമന്ത്രി പങ്കെടുക്കും. ഒരു ലക്ഷത്തിലധികം പ്രതിനിധികളും 85-ലധികം രാജ്യങ്ങളുടെ പങ്കാളിത്തവും കോൺക്ലേവിൽ ഉണ്ടായിരിക്കും.

✪✪✪

ഇലക്ട്രോണിക്സ് ഘടക നിർമ്മാണം ഇന്ത്യയിൽ  ആരംഭിച്ചത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതി പ്രകാരം 5,500 കോടിയിലധികം രൂപയുടെ ഏഴ് പദ്ധതികളുടെ ആദ്യ ഘട്ടത്തിന് അംഗീകാരം ലഭിച്ചതായും  അദ്ദേഹം  പറഞ്ഞു.

വലിയ തോതിൽ ഇലക്ട്രോണിക് സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ഉയർന്ന മൂല്യമുള്ള ഘടകങ്ങൾ നിർമിക്കാൻ ശക്തമായ അടിത്തറ കെട്ടിപ്പടുക്കുകയാണ് ഗവൺമെന്റിന്റെ  ലക്ഷ്യം.

✪✪✪

വിക്സിത് ഭാരത് പ്രശ്നോത്തരി മത്സരത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി യുവജനങ്ങളെ ആഹ്വാനം ചെയ്തു. വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2.0, രാജ്യത്തെ യുവാക്കൾക്ക് രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകാൻ മികച്ച അവസരമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ഈ മാസം 31 വരെ പ്രശ്നോത്തരിയിൽ പങ്കെടുക്കാം.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മോൻത ചുഴലിക്കാറ്റ് ഇന്ന് കര തൊടും. മോൻത, തീവ്ര ചുഴലിക്കാറ്റായി മാറിയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 90 മുതൽ 100 വരെ കിലോമീറ്റർ വരെ വേഗത്തിലാണ് ചുഴലിക്കാറ്റിന്റെ ഇപ്പോഴത്തെ സഞ്ചാരം. ചുഴലിക്കാറ്റ് വൈകിട്ട് അഞ്ചരയോടെ ആന്ധ്രാ-ഒഡീഷ തീരത്ത് കാക്കിനഡയ്ക്കും ഓങ്കോളിനും സമീപം കര തൊടുമെന്നാണ് വിലയിരുത്തൽ.

ആന്ധ്രാ തീരത്ത് കനത്ത ജാഗ്രത തുടരുകയാണ്. ഒഡീഷ, ആന്ധ്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ വ്യാപക മഴയ്ക്കും മണിക്കൂറിൽ 110 കിലോമീറ്റർ വേഗതയിൽ കാറ്റിനും സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്.

✪✪✪

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. വലിപ്പത്തിൽ ഏഷ്യയിലെ രണ്ടാമത്തേയും, ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ സുവോളജിക്കൽപാർക്കുമാണ് പുത്തൂരിലേത്. സന്ദർശകർക്ക് ജനുവരി മുതൽ പ്രവേശനം അനുവദിക്കുന്നതോടെ കേരളത്തിലെ ടൂറിസം സർക്യൂട്ടിലെ പ്രധാന കേന്ദ്രമായി പുത്തൂർ പാർക്ക് മാറും

മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും വൃക്ഷലതാദികൾക്കും വേണ്ടി മുന്നൂറ്റി മുപ്പത്തിയാറ് ഏക്കറിലാണ് പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മിച്ചിരിക്കുന്നത്. മൃഗങ്ങൾക്കും പക്ഷികൾക്കും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയാണ് പാർക്കിൽ ഒരുക്കുന്നത്. കിഫ്ബി വഴി ലഭിച്ച 331 കോടി രൂപ ചെലവഴിച്ചാണ് സുവോളജിക്കൽ പാർക്കിന്റെ നിർമാണം. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ K. രാജൻ, AK ശശീന്ദ്രൻ, ഡോ. R. ബിന്ദു തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ ശുചിത്വത്തിന്റെ നല്ലപാഠങ്ങൾ ഉൾപ്പെടുത്തിയതായി മന്ത്രി MB രാജേഷ് അറിയിച്ചു. തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായാണ് മാലിന്യ പരിപാലനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കിയതെന്ന് മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കേവലം വായനയ്ക്ക് അപ്പുറം, മാലിന്യത്തെ കണ്ടും നേരിട്ടും മനസ്സിലാക്കാനും, അവയുടെ സ്വഭാവവും സംസ്കരണ രീതികളും പരിചയപ്പെടാനും കുട്ടികളെ ഇത് സഹായിക്കുമെന്ന് MB രാജേഷ് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് കൂടുതൽ അമീബിക് മസ്തിഷ്കജ്വര കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ, പഠനം നടത്താൻ ICMR സംഘം കോഴിക്കോട്ട് എത്തി. ഡോക്ടർമാരും ആരോഗ്യ വകുപ്പ് അധികൃതരുമായും ചേർന്ന് സംഘം കൂടുതൽ പഠനങ്ങൾ നടത്തും.

✪✪✪

കൊച്ചി ഇൻഫോപാർക്ക് ഫ്ലക്സി ഓഫീസ് സ്പെയ്സ്, നാടിന് സമർപ്പിച്ചു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതി, വനിതകൾക്ക് സുരക്ഷിത തൊഴിൽ അന്തരീക്ഷം ഒരുക്കാനും, അന്താരാഷ്ട്ര കമ്പനികൾക്ക് ജീവനക്കാരെ വർക് ഫ്രം ഹോമിനുപകരം, പ്രീമിയം വർക് സ്പെയ്സിൽ വിനിയോഗിക്കാനും കഴിയുന്നതരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

✪✪✪

67-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് കൊടിയിറങ്ങും. ആതിഥേയരായ തിരുവനന്തപുരം കിരീടം ഉറപ്പിച്ചു കഴിഞ്ഞു.

മേളയുടെ അവസാന നിമിഷങ്ങളിലേക്ക് കടക്കുമ്പോൾ 1825 പോയിന്റ് നേടിയാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നത്.

892 പോയിന്റോടെ തൃശൂർ രണ്ടാമതും 859 പോയിന്റോടെ കണ്ണൂർ മൂന്നാമതുമാണ്.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയക്കോട്...

.......വോയ്സ്......

8 ദിവസം നീണ്ട കൗമാര കേരളത്തിന്റെ കായികമേളയ്ക്കാണ് ഇന്ന് സമാപനമാകുന്നത്. പ്രതികൂല കാലാവസ്ഥയ്ക്കിടയിലും വാശിയേറിയ പോരാട്ടമാണ് താരങ്ങൾ പുറത്തെടുത്തത്.അതുകൊണ്ട് തന്നെ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ മീറ്റ് റെക്കോർഡുകളും ഇത്തവണ

പിറന്നു.നിരവധി പുത്തൻ താരോദയങ്ങളും 67 ആത് സംസ്ഥാന സ്കൂൾ കായികമേളയിൽ ഉണ്ടായി.വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ വീണാ ജോർജ്, സജി ചെറിയാൻ, ജി ആർ അനിൽ തുടങ്ങിയവർ പങ്കെടുക്കും.

മേയർ ആര്യ രാജേന്ദ്രൻ, ആന്റണി രാജു എംഎൽഎ, ഒളിമ്പ്യൻ പി ആർ ശ്രീജേഷ് തുടങ്ങിയവരും സമാപനചടങ്ങിന്റെ ഭാഗമാകും. ഓവറോൾ ചാമ്പ്യൻമാർക്കുള്ള മുഖ്യമന്ത്രിയുടെ സ്വർണക്കപ്പ് ചടങ്ങിൽ സമ്മാനിക്കും.കപ്പ് കൈമാറിയ ശേഷം കായിക മേളയുടെ കൊടി താഴ്ത്തുകയും ദീപശിഖ അണയ്ക്കുകയും ചെയ്യും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, മലപ്പുറം FC-യും ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മലപ്പുറം ജില്ല ഭിന്നശേഷി കായികമേള “ബഡ്സ് ഒളിമ്പിയ 2025” മന്ത്രി V അബ്ദുറഹ്മാൻ വേങ്ങര സബാഹ് സ്ക്വയറിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. കുടുംബശ്രീ ജില്ലാ മിഷന്റെ, തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന, 74 ബഡ്സ് സ്ഥാപനങ്ങളിലെ 600–ഓളം വിദ്യാർഥികൾ പങ്കെടുക്കും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ നവംബർ ഏഴു മുതൽ, കണ്ണൂർ മുൻസിപ്പൽ ജവഹർ സ്റ്റേഡിയത്തിൽ നടത്തും. കണ്ണൂർ വാരിയേഴ്സിന്റെ ഹോം ഗ്രൗണ്ടായ ജവഹർ സ്റ്റേഡിയത്തിൽ ഫോഴ്സ കൊച്ചി, തൃശൂർ മാജിക് FC, മലപ്പുറം FC, കാലിക്കറ്റ് FC, തിരുവനന്തപുരം കൊമ്പൻസ് എന്നീ ടീമുകൾ ഏറ്റുമുട്ടും. അഞ്ച് മത്സരങ്ങൾ കണ്ണൂരിലുണ്ടാകും. മത്സരങ്ങളുടെ നടത്തിപ്പിന് സംഘാടക സമിതി രൂപീകരണ യോഗം ഈ മാസം 31 ന് വൈകുന്നേരം കണ്ണൂർ ചേമ്പർ ഓഫ് കോമേഴ്സ് ഹാളിൽ ചേരും.

✪✪✪

കോഴിക്കോടിനെ അതിദാരിദ്ര മുക്ത ജില്ലയായി പ്രഖ്യാപിച്ചു. മന്ത്രി AK ശശീന്ദ്രൻ ഓൺലൈൻ വഴിയാണ് പ്രഖ്യാപനം നടത്തിയത്. ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെല്ലാം ഇതിനകം അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നടത്തിക്കഴിഞ്ഞു.

6,773 കുടുംബങ്ങളെയാണ് അതിദരിദ്രരായി ജില്ലയിൽ കണ്ടെത്തിയിരുന്നത്. ഇവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയുമെല്ലാം സഹായത്തോടെ ആവശ്യമായ ഭക്ഷണവും ആരോഗ്യ പരിരക്ഷയും വരുമാന സംരംഭങ്ങളും സുരക്ഷിതമായ പാർപ്പിടവും ഒരുക്കിയാണ് ലക്ഷ്യത്തിലേക്ക് മുന്നേറിയത്.

നവംബർ ഒന്നിന് വൈകിട്ട് കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപനം നടത്തും.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ ഭവന നിർമാണ പദ്ധതി സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് മന്ത്രി KN. ബാലഗോപാൽ പാലക്കാട്ട് നടത്തും. കോട്ടമൈതാനത്തെ പരിപാടിയിൽ മന്ത്രി MB.രാജേഷ് അധ്യക്ഷനായിരിക്കും.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ച കേസിൽ രണ്ടാം പ്രതിയും ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുമായ B.മുരാരി ബാബുവിനെ റാന്നി കോടതിയിൽ ഹാജരാക്കി. പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡി അപേക്ഷയിൽ കോടതി വിധി പറയും. മുരാരി ബാബുവിനെ കസ്റ്റഡിയിൽ എടുത്ത ശേഷമായിരിക്കും SIT വിശദമായി ചോദ്യം ചെയ്യുക. 2019 കാലത്ത് അഡ്മിനിസ്ട്രേറ്റീവ് ഓഫിസറായിരുന്ന മുരാരി ബാബു, ശ്രീകോവിലിന്റെ സ്വർണം പൊതിഞ്ഞ പാളികൾ ചെമ്പെന്നു തെറ്റായി രേഖപ്പെടുത്തി സ്വർണ്ണക്കവർച്ചയ്ക്ക് കൂട്ടു നിന്നു എന്നാണ് കേസിലെ ആരോപണം.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 600 രൂപ കുറഞ്ഞ് 89,800 രൂപയായി. ഗ്രാമിന് 11,225 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

ഇന്ത്യയിലെ ആദ്യ ഷിപ്പ്-ടു-ഷിപ്പ് LNG ബങ്കറിങ്ങ് പദ്ധതി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാഗമായി യാഥാർത്ഥ്യമാകുകയാണെന്ന് മന്ത്രി P രാജീവ് അറിയിച്ചു. പദ്ധതി ആരംഭിക്കുന്നതിന് അദാനി വിഴിഞ്ഞം പ്രൈവറ്റ് പോർട്ട് ലിമിറ്റഡുമായി BPCL ധാരണാപത്രം ഒപ്പുവെച്ചതായി മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

ആഗോള കപ്പൽചാലിലെ ഏറ്റവും തന്ത്രപ്രധാനമായ വിഴിഞ്ഞം തുറമുഖം ഈ പദ്ധതിയിലൂടെ കൂടുതൽ അന്താരാഷ്ട്ര കപ്പലുകളെ ആകർഷിക്കും. LNG ഇന്ധന വിതരണത്തിന്റെ പ്രധാന കേന്ദ്രമായി വിഴിഞ്ഞം മാറുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണാടക - ലക്ഷദ്വീപ്, തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന K-സ്മാർട്ട്, വലിയ മാറ്റമാണ് കേരളത്തിൽ ഉണ്ടാക്കിയതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഇടുക്കി നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

*News Editor : വികെ സുരേഷ്*
*News Reader : സബിത കെ*
*NRT: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*